LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടുകൂടി ഖാദി ഗ്രാമ വ്യവസായ ബോർഡ് നടപ്പിലാക്കിവരുന്ന പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരം പരമ്പരാഗത വ്യവസായ തൊഴിലാളികൾക്ക് നിശ്ചിത ഇക മാർജിൻ മണി ഗ്രാന്റായി നൽകിവരുന്നുണ്ട്. ഗ്രാമ വ്യവസായത്തിൽപ്പെടുന്ന കമ്മായം, കളിമൺ പാത്രം, കരിപ്പട്ടി, പനംകൽക്കണ്ടം, സോപ്പ് തുടങ്ങിയ വ്യവസായങ്ങൾക്ക് പുനരുജ്ജീവന പരിപാടികൾ ആവിഷ്കരിക്കുന്നതിനായി സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. ഖാദിതൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്നന ഇക ഉപയോഗിച്ച് മിനിമം വേതനം നൽകിവരുന്നുണ്ട്.

സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ പുതിയ സംരംഭങ്ങൾ

162 (7998) ശ്രീ. കെ. മുരളീധരൻ :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ ചെറുകിട ഇടത്തര വ്യവസായ മേഖലയിൽ പുതിയ സംരംഭങ്ങൾ ആരഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സംസ്ഥാനത്തെ വ്യവസായ കതിപ്പിന് ഇത് എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനുള്ള ധനം എങ്ങനെ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിയിരുന്ന 9 പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി "സംരംഭകത്വ സഹായ പദ്ധതി" നടപ്പിലാക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ,

(1) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം നടത്തുന്നു.

(2) സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നു.

(3) സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനുവേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകി വരുന്നു.

(4) ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകിവരുന്നു. വ്യവസായ സംരംഭങ്ങളിൽ അൻസിലറി ഉൽപന്നങ്ങളുടെ ഉൽപാദനത്തിന് ആവശ്യമായ പ്രോത്സാഹന സഹായങ്ങളും നൽകുന്നുണ്ട്.

വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ് എന്നീ പശ്ചാത്തല സൗകര്യങ്ങൾ കിൻഫ്ര, സിഡ്കോ, കെ.എസ്.ഐ.ഡി.സി. എന്നിവ മുഖേന ലഭ്യമാക്കുന്നു. കൂടാതെ, ഇടത്തരം വൻകിട മേഖലയിലുള്ള വ്യവസായം തുടങ്ങുവാൻ വിവിധ വകുപ്പുകളിൽ നിന്നുമുള്ള ക്ലിയറൻസ് കെ.എസ്.ഐ.ഡി.സി. മുഖേന ലഭ്യമാക്കുന്നു. വ്യവസായം തുടങ്ങാനുള്ള ധന വായ്പയും പാട്ടക്കരാർ വ്യവസ്ഥയിൽ ഭൂമിയും കെട്ടിടവും കെ.എസ്.ഐ.ഡി.സി. മുഖേന ലഭ്യമാക്കുന്നു.

(ബി) സാമൂഹിക സാമ്പത്തിക വളർച്ചയിലേക്ക് സംഭാവന ചെയ്യുക. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക വഴി തൊഴിലില്ലായ്മയും ദാരിദ്ര്യവും ഉന്മൂലനം ചെയ്യുക.

(സി) കേരളത്തിന്റെ വ്യവസായ വികസനത്തിനും ഈ സംസ്ഥാനത്തിനെ ഒരു നിക്ഷേപ സൗഹൃദ മേഖലയാക്കി മാറ്റുന്നതിനും ഇത് പ്രയോജനപ്പെടും എന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) സംരംഭകരിൽനിന്നും ധനകാര്യ സ്ഥാപനങ്ങൾ വഴിയും സംരംഭകത്വ സഹായ പദ്ധതി വഴിയുള്ള ഗ്രാന്റായും ധനം സമാഹരിക്കുന്നു. കൂടാതെ, വ്യവസായ പാർക്ക്/എസ്റ്റേറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ആവശ്യമായ ധനം സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായും കേന്ദ്ര സർക്കാരിന്റെ ചെറുകിട ഇടത്തരം വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതികൾ വഴിയും ലഭ്യമാക്കുന്നു.